(ബി) സർക്കാരിന്റെ 26-11-2003-ലെ സർക്കുലർ പ്രകാരം നിയമന നിരോധനം നീക്കിയ ശേഷം ജൂനിയർ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇനിയും അവശേഷിക്കുന്ന ഒഴിവുകൾ എത്രയാണ്;

(ഡി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ഇപ്പോൾ എത്ര പേർ കെ.എസ്.എഫ്.ഇ.യിൽ ജോലി നോക്കുന്നുണ്ട്;

(ഇ) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ കരാർ ജീവനക്കാരെ പിരിച്ചുവിട്ട് പി. എസ്. സി. വഴി നിയമനം നടത്തുമോ?

ഉത്തരം

(എ) 475 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇവരിൽ 361 പേർ ജോലിയിൽ പ്രവേശിച്ചു.

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) 114 ഒഴിവുകൾ അവശേഷിക്കുന്നു.

(ഡി) കമ്പനിയുടെ നിയമങ്ങൾക്ക് വിധേയമായി കമ്പനി ബോർഡിന്റെ തീരുമാന പ്രകാരം അംഗീകൃത വിമുക്തഭട ഏജൻസികൾ മുഖാന്തിരം 1057 അസിസ്റ്റന്റുമാർക്ക് തുല്യമായ സേവനം വിമുക്തഭട ഏജൻസികളിൽ നിന്നും ഇപ്പോൾ ലഭ്യമാകുന്നുണ്ട്.

(ഇ) ഉത്തരം 'സി'യിൽ പറഞ്ഞിരിക്കുന്നത് പ്രകാരം ഇപ്പോൾ അവശേഷിക്കുന്ന 114 ഒഴിവുകളിലേക്ക് പി. എസ്. സി. വഴി ഉടൻ നിയമനം നടത്തുന്നതാണ്.

എക്സൈസ് നയത്തിൽ നടപ്പാക്കുന്ന മാറ്റം

54 [337] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള എക്സൈസ് നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനും അനുമതി നല്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനങ്ങൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

(സി ആന്റ് ഡി) നീര ഉല്പാദിപ്പിക്കുന്നതിന് നിലവിൽ നിയമം ഉണ്ടെങ്കിലും ഇപ്പോൾ ലൈസൻസ് നല്കുന്നില്ല. മാത്രമല്ല ഇക്കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച സമിതി സമർപ്പിച്ച ശുപാർശകളിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

കള്ളുചെത്ത് വ്യവസായത്തിന്റെ സംരക്ഷണം

55 [338] ശ്രീ. കെ. കെ. ജയചന്ദ്രൻ :

,, ടി. പി. രാമകൃഷ്ണൻ :

,, കെ. പി. സതീശ് ചന്ദ്രൻ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മധുരക്കള്ള് ഉല്പാദിപ്പിക്കാൻ വ്യക്തികൾക്ക് ലൈസൻസ് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തീരുമാനം കള്ള് ചെത്ത് വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മധുരക്കള്ള് ഉല്പാദനത്തിന് വ്യക്തികൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കള്ള് ചെത്ത് തൊഴിലാളി യൂണിയൻ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മദ്യനയവുമായി ബന്ധപ്പെട്ട് സർക്കാർ കൈക്കൊണ്ടിട്ടുള്ള എല്ലാ തീരുമാനങ്ങളും കള്ള് ചെത്ത് വ്യവസായത്തെ കൂടി സംരക്ഷിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly